**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 73** **16-09-2025 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് വ്യാപനം തടയുന്നതിനുള്ള പോലീസ് ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മയക്കുമരുന്ന് വ്യാപനം തടയുന്നതിന് പോലീസ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് എം.ഡി.എം.എ. അടക്കമുള്ള സിന്തറ്റിക് ലഹരിയുടെ ഉപയോഗം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. മയക്ക് മരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിന് സംസ്ഥാനത്ത് എ.ഡി.ജി.പി (എൽ & ഒ) യുടെ നേതൃത്വത്തിൽ Anti Narcotic Task Force (ANTF) ഉം, റേഞ്ച് തലത്തിൽ റേഞ്ച് ഡി.ഐ.ജി മാരുടെ കീഴിൽ NDPS Co-ordination Cell ഉം, ജില്ലകളിൽ നർക്കോട്ടിക് സെൽ DySP മാരുടെ നേതൃത്വത്തിൽ DANSAF ടീമും പ്രവർത്തിച്ചു വരുന്നു.<br><br>**ലഹരിക്കെതിരെ നടപ്പാക്കുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും**<br><br>*** ഓപ്പറേഷൻ ഡി-ഹണ്ട്**<br><br>സ്ഥിരമായി മയക്കുമരുന്നുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി നിരന്തരമായി നിരീക്ഷണം നടത്തിവരുന്നുണ്ട്.<br><br>22.02.2025 മുതൽ 31.08.2025 വരെ 'ഓപ്പറേഷൻ ഡി-ഹണ്ടിന്റെ' ഭാഗമായി മയക്കുമരുന്ന് വിൽപ്പനയിൽ എർപ്പെടുന്നതായി സംശയിക്കുന്ന 3,92,883 പേരെ പരിശോധനയ്ക്ക് വിധേയമാക്കുകയും വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 24,087 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, 25,461 പേരെ അറസ്റ്റ് ചെയ്യുകയും ഉണ്ടായി.<br><br>*** സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് & ആന്റി - നാർക്കോട്ടിക്ക് ക്ലബ്ബ്**<br><br>ലഹരി പദാർത്ഥങ്ങൾ കടത്തുന്ന ഏജന്റുമാരായി കുട്ടികളെ ഉപയോഗിക്കുന്നത് തടയുന്നതിനായി എല്ലാ |

സ്കൂളുകളിലും പി.എച്ച്.ക്യൂ സർക്കുലർ നം. 16/2011 പ്രകാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പും, നം.15/2020 പ്രകാരം കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പും രൂപീകരിച്ചിട്ടുള്ളതാണ്. വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ഉപയോഗവും വ്യാപന ശ്രമങ്ങളും തടയുന്നതിലേക്കായി 8123 സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും 840 കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും, 3665 ആന്റി നാർക്കോട്ടിക്ക് ക്ലബുകളും പ്രവർത്തിച്ചു വരുന്നു. വിവിധ വകുപ്പുകൾ സഹകരിച്ച് പ്രവർത്തിക്കുന്ന SPC പദ്ധതിയുടെ ഭാഗമായി 2024-25 ൽ 4,852 ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയാൻ കേരള ഗവൺമെന്റ് ആവിഷ്കരിച്ച 'ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്' എന്ന സംയുക്ത പദ്ധതിയിലൂടെ 2,000 ലധികം സ്കൂളുകളിലായി 45 ലക്ഷം വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്.

* <u>സ്കൂൾ ഓപ്പണിംഗ് സ്പെഷ്യൽ ഡ്രൈവ്:</u>

29.05.2025, 30.05.2025, 31.05.2025 തീയതികളിൽ വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, പൊതുകളിസ്ഥലങ്ങൾ എന്നിവയുടെ പരിസരത്തുള്ള വ്യാപാരസ്ഥാപനങ്ങളിൽ നിരോധിത മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പനക്കായി രഹസ്യമായി സൂക്ഷിച്ചിട്ടുണ്ടോയെന്ന് കണ്ടെത്താൻ COTPA & NDPS Special Drive നടത്താൻ നിർദ്ദേശം നൽകുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 5,731 റെയ്ഡ് നടത്തുകയും 177 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

* <u>യോദ്ധാവ്</u>

പൊതുജനങ്ങളിലും വിദ്യാർഥികളിലും വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പേരിൽ ഒരു ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. 2022 ഒക്ടോബർ ആറിന് ആണ് ഇത് ഔദ്യോഗികമായി ലോഞ്ച് ചെയ്തത്. മയക്കുമരുന്ന് ശൃംഖലയുടെ പ്രവർത്തനം തടയുന്നതിനും ഉപഭോഗം നിയന്ത്രിക്കുന്നതിനുമാണ് ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ സ്കൂളിനുള്ളിലെ കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ബോധവത്കരിക്കുന്നതിനും പിന്നെയും മയക്കുമരുന്ന്

ഉപയോഗത്തിലേക്ക് പോകാതെ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>* സ്റ്റുഡന്റ് പോലീസ് കേഡറ്റ്:</u>**

സംസ്ഥാനത്തിലെ ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകൾ, ഗതാഗതം, വനം, എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഒരു സ്കൂൾ അധിഷ്ഠിത പദ്ധതിയാണ് കേരളാ പോലീസിന്റെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. യുവാക്കളിൽ നൈസർഗ്ഗികമായ കഴിവുകൾ പരിപോഷിപ്പിക്കുവാനും അതുവഴി അസഹിഷ്ണുത, ലഹരി ഉപയോഗം, അച്ചടക്കമില്ലായ്മ, അക്രമം മുതലായ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. അതുപോലെ തന്നെ വിദ്യാർത്ഥികളിൽ തങ്ങളുടെ കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോട് പ്രതിബദ്ധത വളർത്തുവാനും ഇത് സഹായകമാണ്.

**<u>* ഇന്റർനാഷണൽ ഡ്രഗ് ഡേ:</u>**

ലഹരിക്കെതിരെയുള്ള അവബോധം എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 10.06.2024-ൽ "ഇവിടെ ലഹരി വിൽക്കുന്നില്ല" എന്ന പോസ്റ്റർ പതിച്ചു. ലഹരിയുടെ ഉപയോഗം വേരോടെ ഇടച്ചു നീക്കുന്നതിനായി എല്ലാ വർഷവും ജൂൺ 26 International Drug Day ആചരണത്തിന്റെ ഭാഗമായി സ്കൂളുകളുടെ ആഭിമുഖ്യത്തിൽ പ്രദേശവാസികളെ ഉൾപെടുത്തി മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ e-Pledge നടത്തുകയും, ലഹരി വിരുദ്ധ സംവാദ സദസ്സ് സംഘടിപ്പിക്കുകയും, "ലഹരി വിരുദ്ധ നവകേരളം" എന്ന ആശയത്തിന്റെ പ്രചരണ ഭാഗമായി സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി എല്ലാ വീടുകളിലും ഈ സന്ദേശം എത്തിക്കുകയും ചെയ്തു.

**<u>* BLACK SPOT</u>**

ലഹരിവസ്തുക്കളുടെ ഉപയോഗമോ വ്യാപാരമോ അടിക്കടി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളെ ബ്ലാക്ക് സ്പോട്ട് ആയി കണക്കാക്കുകയും അവിടെ കൃത്യമായി ഷാഡോ പോലീസിനെ ടീമായി നിയോഗിക്കുകയും, അതേപോലെ തന്നെ DANSAF ടീമിന്റെ രഹസ്യനിരീക്ഷണങ്ങളും പരിശോധനകളും കൃത്യമായ ഇടവേളകളിൽ നടത്തി വരുകയും

ചെയ്യുന്നു. കേരളത്തിലെ 427 പോലീസ് സ്റ്റേഷൻ പരിധികളിലായി 1087 ബ്ലാക്ക് സ്പോട്ടുകൾ തിരിച്ചറിഞ്ഞ് നിരന്തരമായി നിരീക്ഷണം നടത്തി വരുന്നു.

മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം നടത്തുകയും സ്കൂൾ-കോളേജ് പരിസരങ്ങൾ, DJ പാർട്ടി നടക്കുന്ന സ്ഥലങ്ങൾ, ടർഫുകൾ, യുവാക്കളുടെയും മറ്റും ഒത്തുചേരൽ നടക്കുന്ന സ്ഥലങ്ങൾ, ലേബർ ക്യാമ്പുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, ലോഡ്ജുകൾ, കോളേജ് ഹോസ്റ്റലുകൾ, തട്ടുകടകൾ എന്നീ സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തുന്നതിനും മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ടവരുടെ പട്ടിക പരസ്പരം കൈമാറുന്നതിനും തീരുമാനമെടുക്കുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

കേരളാ പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സൈബർ വിഭാഗം എന്നിവ സമൂഹ മാധ്യമങ്ങളിലൂടെയുള്ള മയക്കുമരുന്ന് വ്യാപനം വിതരണം നിയന്ത്രിക്കുന്നതിനായി വലിയ തോതിൽ ഡിജിറ്റൽ നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സിനിമാ രംഗത്തെ പ്രതിനിധികളെ വിളിച്ചു ചേർത്ത്, കൂടുതൽ ഉത്തരവാദിത്തമുള്ള സിനിമകൾ മയക്കുമരുന്നു വിരുദ്ധ പ്രമേയത്തിൽ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

**<u>പരാതികൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ</u>**

പൊതുജനങ്ങൾക്ക് മയക്കുമരുന്ന് ദുരുപയോഗം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി National Narcotics Helpline നമ്പർ -1933 നിലവിലുണ്ട്. ആന്റി നാർക്കോട്ടിക് കൺട്രോൾ റൂമിന്റെ 9497979794, 9497927797 എന്നീ നമ്പരുകളിലായി 31.08.2025 വരെ 2,400 കോളുകൾ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് മയക്കുമരുന്ന് ഉപയോഗം വിതരണം എന്നിവയെക്കുറിച്ച് പോലീസിന് രഹസ്യ വിവരം കൈമാറുന്നതിനായി പോലീസ് ഡിപ്പാർട്ടമെന്റിന്റെ ആഭിമുഖ്യത്തിൽ യോദ്ധാവ് എന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ വിവരങ്ങളുടെ ടെക്സ്റ്റ് സന്ദേശം, ഫോട്ടോ, വീഡിയോ അല്ലെങ്കിൽ ശബ്ദ സന്ദേശം ആയി

| | | | |
|---|---|---|---|
| | | | 9995966666 എന്ന യോദ്ധാവിന്റെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.<br><br>**<u>ബോധവൽക്കരണ പരിപാടികൾ:</u>**<br><br>മയക്ക മരുന്നിനെതിരെയുള്ള സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ക്യാമ്പയിനുകൾ സംഘിപ്പിക്കുകയും ഇതിനായി 'Say No to Drugs' എന്ന പ്രചരണ ബോർഡുകൾ ജനത്തിരക്കേറിയ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനുകളിൽ എൻ. എസ്.എസ്, എൻ.സി.സി. വിമുക്തി ക്ലബ്, കുടുംബശ്രീ, വിവിധ സ്ഥലങ്ങളിലെ ഗ്രന്ഥശാലകൾ, പ്രാദേശിക ക്ലബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ പോലീസ് സ്റ്റേഷനുകളിൽ പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തിച്ചുവരുന്ന ജനമൈത്രി സുരക്ഷാ സമിതികളുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ അവബോധന പ്രവർത്തനങ്ങൾ വ്യാപകമായി സംഘടിപ്പിക്കുവാനും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിലെ ലഹരി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുവാൻ പോലീസ് വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്താ ഭിമുഖ്യത്തിൽ ഒരു Standard Operating Procedure തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന് കീഴിൽ പുരോഗമിച്ചു വരികയാണ്.<br><br>**<u>നിയമ നടപടികൾ</u>**<br><br>മയക്കുമരുന്നുമായി ബന്ധപ്പെട്ട ലഹരി കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്നവർ ക്കെതിരെ KAAPA, PITNDPS Act 1988 പ്രകാരം കരുതൽ തടങ്കലിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതാണ്. 2022 മുതൽ 11.09.2025 വരെ ഇരുന്നൂറോളം പേർക്കെതിരെ PITNDPS<br><br>നിയമ പ്രകാരം കരുതൽ തടങ്കൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇത്തരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടു കെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | മറ്റു സംസ്ഥാനങ്ങളിലെ പോലീസുമായി ചേർന്ന് അവിടങ്ങളിൽ നിന്ന് സംസ്ഥാനത്തേക്കുള്ള | (ബി) | അതിർത്തി കടന്നുള്ള ലഹരി കടത്ത് തടയുന്നതിനായി കേരളാ പോലീസിലെ DANSAF |

| | | | | |
|---|---|---|---|---|
| | മയക്കമരുന്ന് കടത്ത് തടയുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | | Team, Excise വകുപ്പ്, തമിഴ്നാട് പൊലീസ്, എന്നിവയുടെ നേതൃത്വത്തിൽ കേരളാ തമിഴ്നാട് അതിർത്തിയോട് ചേർന്ന മണ്ഡലമായ പാറശ്ശാലയിലെ ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ പരിസരം, ചെക്ക് പോസ്റ്റ് എന്നിവിടങ്ങളിൽ ശക്തമായ നിരീക്ഷണം നടത്തി വരുന്നു. ടി പരിശോധനകളിൽ ഡോഗ് സ്ക്വാഡിന്റെ സേവനവും ഉപയോഗിക്കാറുണ്ട്. അതിർത്തികളിൽ കൂടി കടന്നുവരുന്ന ട്രക്കുകളിലെ സംശയകരമായ ലഗേജുകൾ, വാഹനങ്ങളിലെയും മറ്റും രഹസ്യ അറകൾ, സംശയാസ്പദമായ സാഹചര്യങ്ങളിൽ യാത്ര ചെയ്യുന്നവർ, Inter-state ബസുകൾ എന്നിവ കർശനമായി പരിശോധിച്ചുവരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരികടത്ത് തടയുന്നതിനായി കേരളാ പോലീസിന്റെ അവിഭാജ്യഘടകമായ DANSAF Team-ന്റെ ആഭിമുഖ്യത്തിൽ ഇതരസംസ്ഥാന പോലീസും, ഹൈവേ പോലീസും, റെയിൽവേ പോലീസിന്റെയും നേതൃത്വത്തിൽ ചെക്ക് പോസ്റ്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, ബസ്സ് സ്റ്റാന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ശക്തമായ നിരീക്ഷണം നടത്തിവരുന്നു. പരിശോധനകളിൽ ഡോഗ് സ്ക്വാഡിന്റെ സേവനം ഉപയോഗിക്കാറുള്ളതും റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ നിന്നും ലഹരി കണ്ടെത്തിയതിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അതിർത്തികളിൽ കൂടി കടന്നുവരുന്ന ട്രക്കുകളിലെ സംശയകരമായിട്ടുള്ള ലഗേജുകൾ, വാഹനങ്ങളിലെയും മറ്റും രഹസ്യ അറകൾ, സംശയാസ്പദമായ സാഹചര്യങ്ങളിൽ സ്ഥിരം യാത്ര ചെയ്യുന്ന യുവതീ യുവാക്കൾ, Inter-state ബസുകൾ എന്നിവ കർശനമായി പരിശോധിച്ചുവരുന്നു. ജോലി സംബന്ധമായി കേരളത്തിലേക്ക് വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ, പണിസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇടയ്ക്കിടയ്ക്ക് റെയ്ഡുകൾ നടത്തിവരുന്നതുമാണ്. അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഫോഴ്സുമായി ചേർന്ന് മയക്കുമരുന്നുമായി ബന്ധപ്പെട്ട അന്തർസംസ്ഥാന മയക്കുമരുന്ന് കുറ്റവാളികളെക്കുറിച്ചുള്ള വിവരം പരസ്പരം കൈമാറുകയും പ്രതിരോധ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ലഹരി വേട്ടക്ക് ഇതര സംസ്ഥാന പോലീസ് സ്വീകരിക്കുന്ന നടപടികൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (സി) | ലഹരിയുടെ വ്യാപനം തടയുന്നതിനായി ഇതര സംസ്ഥാനങ്ങളുമായി ചേർന്ന് നിരന്തരം മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ആയതിന് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നതുമാണ്. അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഫോഴ്സുമായി ചേർന്ന് മയക്കുമരുന്നുമായി ബന്ധപ്പെട്ട അന്തർസംസ്ഥാന മയക്കുമരുന്ന് കുറ്റവാളികളെക്കുറിച്ചുള്ള വിവരം പരസ്പരം കൈമാറുകയും പ്രതിരോധ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ഡി) | ലഹരി വേട്ടയ്ക്കായി പോലീസിന്റെ നിലവിലെ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പുതുതായി വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഡി) | ലഹരിയുടെ വ്യാപനം തടയുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു. ഡ്രഗ്ഡിറ്റക്ഷൻ കിറ്റുകൾ കൂടുതൽ ലഭ്യമാക്കിയതിലൂടെ സംശയാസ്പദമായ സാഹചര്യങ്ങളിൽ പിടിക്കപ്പെടുന്ന വ്യക്തികളെ സംഭവസ്ഥലത്തുവച്ച് തന്നെ പരിശോധനക്ക് വിധേയമാക്കുന്നതിനും കൂടാതെ ഇത്തരം കേസുകളിലെ നിയമ നടപടികൾ വേഗത്തിലും ഫലപ്രദമായും നടപ്പാക്കുന്നതിനായി ഫോറൻസിക് ലാബ് പരിശോധനാ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ഇ) | മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കുള്ള കൗൺസിലിംഗ്, ചികിത്സാ രംഗങ്ങളിൽ പോലീസിന്റെ ഇടപെടൽ എന്നിവ വിശദീകരിക്കാമോ? | (ഇ) | ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആയതിന്റെ ദോഷഫലങ്ങളും, നിയമ നടപടികളും പറഞ്ഞു മനസിലാക്കുകയും ആവശ്യമുള്ളവർക്ക് വിദഗ്ദ കൗൺസിലിംഗിനായി നിർദ്ദേശിക്കുകയും, അതിനായി കേരള പോലീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള D-DAD, വിമുക്തി, CHIRI, KOOTTU പദ്ധതികളിലെ കൗൺസിലർമാർ വഴി കൗൺസിലിങ്ങ് നൽകിവരികയും ചെയ്യുന്നുണ്ട്. ആയത് പ്രകാരം 725 കുട്ടികൾക്കും 1,793 മുതിർന്നവർക്കും കൗൺസിലിങ്ങ് നൽകിയിട്ടുള്ളതും 5 കുട്ടികളേയും 251 മുതിർന്നവരേയും റീഹാബിലിറ്റേഷൻ സെന്റെറുകളിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുമുണ്ട്. കേരള പോലീസ് ലഹരിക്കെതിരായി നടത്തിയ "Operation D Hunt" ന്റെ ഭാഗമായി 2168 ബീറ്റ് തല ജനമൈത്രി സമിതി മീറ്റിങ്ങുകൾ സംഘടിപ്പിച്ചിട്ടുള്ളതും ബീറ്റ് ഉദ്യോഗസ്ഥർ 3272 സ്കൂളുകൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചിട്ടുള്ളതും ലഹരി ഉപയോഗസംബന്ധമായ കാര്യങ്ങൾക്ക് 341 കുട്ടികൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ